# അഗാപെ കൈയ്യെഴുത്തു മാസിക




VOLUME - III

Email id: agape.magasine@gmail.com

# CONTENTS


1. **INDEX**
2. **THE ONE WHO LIVES IN THE MOST SACRED PLACE**
3. **THE LUST OF THE FLESH,
   THE LUST OF THE EYES
   AND THE PRIDE OF LIFE.**
4. ACTS OF THE APOSTLES – A STUDY
5. **INTERVIEW**
6. **QUIZ**


# അഗാപെ കൈയ്യെഴുത്തു മാസിക

## മുഖവുര

ദൈവത്തിന്റെ പരിശുദ്ധമായ നാമം വാഴ്ത്തപ്പെടട്ടെ. മൂന്നാമത്തെ മാസവും ഈ മാസിക തുടർന്നു കൊണ്ടുപോകുവാൻ സാധിച്ചതിൽ സർവ്വ കൃപാലുവായ ദൈവത്തിന് സകല മഹത്വവും കരേറ്റുന്നു. ഇതു കൊണ്ട് ഇച്ഛിക്കുന്നവനാലുമല്ല, ഓടുന്നവനാലുമല്ല, കരുണ തോന്നുന്ന ദൈവത്താലത്രെ സകലവും സാധിക്കുന്നത്. നമ്മുടെ കഴിവുകളും ചിന്തകളും ദൈവ പരിധിയിൽ നിൽക്കുമ്പോൾ, ദൈവത്താൽ സകലതും സാധിക്കുന്നു.

ഈ മാസിക ഇറക്കുന്നതിന് പ്രവർത്തിക്കുന്ന ഏവർക്കും നന്ദി അറിയിക്കുന്നു. എല്ലാ മാസവും ഇതിന്റെ കവർ പേജ് ചെയ്തു തരുന്ന ജോബി, ആത്മാർത്ഥമായി സ്നേഹിച്ച് ഇതിന് ധൈര്യം തരുന്ന മനോജും കുടുംബവും, പിന്നെ ദൈവത്തിന്റെ വേലയെ സ്നേഹിച്ച് ഇതിന്റെ കോപ്പി എടുത്ത് അനേക കരങ്ങളിൽ എത്തിക്കുന്ന ഷിനു, പിന്നെ പ്രാർത്ഥനയിൽ ഓർക്കുന്ന എല്ലാ സഹോദരങ്ങൾക്കും നന്ദിയെ അറിയിക്കുന്നു. വീണ്ടും ഏവരുടെയും സഹായവും പ്രാർത്ഥനയും അപേക്ഷിക്കുന്നു.

വീഴാതവണ്ണം നമ്മെ സൂക്ഷിപ്പാനും, തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാനും ശക്തിയുള്ളവന്, നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമ്മുടെ രക്ഷിതാവായ ഏക ദൈവത്തിന്നു തന്നെ, സർവ്വകാലത്തിന്നു മുമ്പും ഇപ്പോഴും സദാകാലത്തോളവും തേജസ്സും മഹിമയും ബലവും അധികാരവും ഉണ്ടാകുമാറാകട്ടെ. ആമേൻ.


അഗാപെ കൈയ്യെഴുത്തു മാസിക
THE ONE WHO LIVES IN
THE MOST SACRED PLACE
Email id: agape.magasine@gmail.com

## അതിവിശുദ്ധ സ്ഥലത്തു വസിക്കുന്നവൻ.

[പുറപ്പാട്: 3:5]

"അപ്പോൾ അവൻ: ഇങ്ങോട്ടു അടുക്കരുത്; നീ നില്ക്കുന്ന സ്ഥലം വിശുദ്ധഭൂമി ആകയാൽ കാലിൽ നിന്നു ചെരിപ്പു അഴിച്ചുകളക എന്നു കല്പിച്ചു."

നമ്മിൽ പലരും വായിച്ചു പരിചയിച്ചിട്ടുള്ളതും അതിലേറെ കേട്ടിട്ടുള്ളതുമായ ഒരു വാക്യമാണ് മേൽ ഉദ്ധരിച്ചത്. ദൈവത്തിന്റെ ദാസനായ മോശയെ മിസ്രയീമിൽ നിന്നു യിസ്രായേൽ മക്കളെ വിടുവിച്ചു കൊണ്ടുവരുവാൻ യഹോവയായ ദൈവം പ്രസാദിച്ചപ്പോൾ അവനു മുൾപ്പടർപ്പിൽ അഗ്നിജ്വാലയിൽ പ്രത്യക്ഷനായി. ഈ വലിയ കാഴ്ച എന്താകുന്നു എന്നു നോക്കുവാൻ അടുത്തപ്പോൾ മോശയോട് ദൈവം പറഞ്ഞ വചനമാണ് ഇത്.

എന്താകുന്നു ഇതിന്റെ പ്രത്യേകത എന്നു ചോദിച്ചാൽ ഈ ലോകത്തിന്റെ അശുദ്ധിയിൽ നിന്നു കൊണ്ട്, ലോകത്തിന്റെ പാപം ചുമക്കുന്ന ചെരിപ്പു ഇട്ടുകൊണ്ട് നമുക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ അല്ലെങ്കിൽ അവന്റെ തിരുമുഖത്തെക്കു നോക്കുവാനോ സാധിക്കുകയില്ല എന്നുള്ളതാണ്. മോശയോട് ദൈവം പറയുന്നത് നീ നിൽക്കുന്ന സ്ഥലം വിശുദ്ധമാണ്. മോശെ നീ അടുക്കുന്നത് വേറെ ഒരു ലോകത്തെക്കാണ്. ഇത് വിശുദ്ധിയുടെ ലോകമാണ്. ഇവിടെ നിന്റെ പാപം പേറുന്ന അശുദ്ധം കൊണ്ട് നിനക്കു പ്രവേശിപ്പാൻ കഴികയില്ല. നാം ഇന്ന് നോക്കുമ്പോൾ ഞാൻ ഒന്നും ചെയ്യുന്നില്ല എല്ലാ ആഴ്ചയിലും ദൈവത്തെ ആരാധിക്കുന്നുണ്ട്. ഇടക്കൊക്കെ പ്രാർത്ഥനയുണ്ട്. എന്നാൽ ഞാൻ എന്റെ പ്രകാശത്തിലാണ് എന്നെ നോക്കിക്കാണുന്നത്. അങ്ങനെങ്കിൽ എന്റെ കൂട്ടുകാരന്റെ പ്രകാശത്തിൽ, അവനുമായി താരതമ്യം ചെയ്താൽ അവനെക്കാൾ ഭേദമാണ് ഞാൻ എന്നു വിചാരിക്കും. ദൈവത്തെ ആരാധിക്കുന്നതിന് കുറവില്ല. ദശാംശമായിട്ടും [illegible] കൊടുക്കുന്നുണ്ട്. ദൈവാലയത്തിന്റെ കാര്യങ്ങളിലെല്ലാം മുൻപിലുണ്ട്. ഞാൻ എന്നെ

# അഗാപെ കൈയ്യെഴുത്തു മാസിക

നോക്കുമ്പോൾ മറ്റുള്ള വിശ്വാസികളെക്കാളും ........ മോശക്കാരനല്ല ഞാൻ എന്നു കാണുന്നു. മോശെയും ഒരിക്കൽ വിചാരിച്ചു കാണും മിസ്രയീമിൽ മനുഷ്യന് ഒരു ഉദ്ധാരണം ഉണ്ടാകുന്നത് എന്നിലൂടെയാണ്, കാരണം അതാണ് ഫറവോന്റെ പുത്രിയുടെ മകൻ ആയിത്തീരുവാൻ കാരണം. എന്നാൽ ദൈവത്തിന് ഒരു കാര്യം ചെയ്യുവാനുണ്ട്, ഈ ലോകത്തിന്റേതായ അറിവുകളും സകലതും അഴിച്ചു മാറ്റുമ്പോൾ മാത്രമേ ദൈവം നമ്മിൽ പ്രസാദിക്കയുള്ളൂ. ദൈവത്തിന് നമ്മെ കൊണ്ട് ആവശ്യമുള്ളത് ചെയ്യിപ്പിക്കുന്നതിന്നിൽ നാം നമ്മുടെ അശുദ്ധിയെ അഴിച്ചു മാറ്റി അതിനെയെല്ലാം ഉപേക്ഷിക്കണം.

യെശയ്യാവ് പ്രവാചകന്റെ പുസ്തകത്തിൽ 6ാം അദ്ധ്യായത്തിൽ പ്രവാചകൻ കർത്താവ് ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നത് കണ്ടിട്ട് എനിക്ക് അയ്യോ കഷ്ടം, ഞാൻ നശിച്ചു. ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ളോരു മനുഷ്യൻ, എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ കർത്താവിനെ കണ്ടുവല്ലോ എന്നു പറഞ്ഞു. ഒരു പ്രവാചകന് അവന്റെ അധരം നാവായിരിക്കുമ്പോൾ അത് ശുദ്ധിയില്ലാത്തതാണെന്ന് അവൻ സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കാണുമ്പോൾ തിരിച്ചറിയുന്നു. മേൽ പറഞ്ഞതുപോലെ നാം നമ്മുടെ വെളിച്ചത്തിൽ നമ്മെ നോക്കി കാണുമ്പോൾ നാം വിശുദ്ധരെന്ന് പറയുമെങ്കിലും അതി വിശുദ്ധ സ്ഥലത്ത് വസിക്കുന്ന ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ എന്നേക്കും ഇരിക്കുന്ന, ഈ ലോകത്തിന്റെ രാജാക്കന്മാർ ഇരിക്കുന്ന സിംഹാസനങ്ങളുടെ മീതെ എന്നേക്കും ഇരിക്കുന്ന യഹോവയായ രാജാവിനെ കാണുമ്പോൾ നാം എത്ര അശുദ്ധരാണ് തിരിച്ചറിയുകയുള്ളൂ.

നാം എപ്പോൾ വിശുദ്ധിയിലിരിക്കുന്ന ദൈവത്തിന്റെ പ്രകാശം കാണുമോ അപ്പോൾ നമ്മുടെ അശുദ്ധിയും .. തിരിച്ചറിയും.

നാം പ്രവർത്തിക്കുന്നതും ചിന്തിക്കുന്നതും പറയുന്നതുമായ ഓരോന്നുകളും നമ്മെ ദൈവത്തിൽ നിന്ന് അകറ്റുകയാണ് ചെയ്യുന്നത്. ശുദ്ധീകരണം കൂടാതെ ആരും ദൈവത്തെ കാണുന്നില്ല. ദൈവത്തിന്റെ ഇഷ്ടവും നമ്മുടെ ശുദ്ധീകരണം തന്നെയാണ്. അതി പരിശുദ്ധമായ സ്വർഗത്തിൽ വസിക്കുന്ന ദൈവത്തിന്റെ അടുക്കലേക്ക് നാം പോകണമെങ്കിൽ നാം നമ്മുടെ ദുർഗ്ഗുണങ്ങളെ വിട്ട് അവനെ അന്വേഷിക്കണം.

നാം ചെയ്യുന്ന അകൃത്യങ്ങൾ മൂലം ഒരു അസ്വസ്ഥത പെടുന്ന ഒരു മനസ്സ് നമുക്ക് ഉണ്ടാകണം. നമുക്ക് ഇന്ന് എത്ര പാപം ചെയ്താലും മനസ്സ് അസ്വസ്ഥമാകുന്നില്ല. നമുക്ക് സ്വസ്ഥത ഇല്ലാത്തത് വേറെ കാര്യങ്ങളിലാണ്. അയൽ വാസി പുതിയ വീട് വാങ്ങുമ്പോൾ, അവൻ പുതിയ വാഹനം വാങ്ങുമ്പോൾ, നമ്മുടെ സഹപ്രവർത്തകർക്ക് ജോലിക്കയറ്റം കിട്ടുമ്പോൾ, കൂട്ടുകാരന്റെ മക്കൾക്ക് കൂടുതൽ മാർക്ക് കിട്ടുമ്പോൾ, അന്നൊക്കെ നാം ഭൗതികമായ സകലത്തിലും സംതൃപ്തിയില്ലാതെ നമ്മുടെ മനസ്സിനെ അസ്വസ്ഥത പെടുത്തുന്നു. നമുക്ക് യേശു ഒരു പ്രധാന കാര്യം അല്ലാതായിരിക്കുന്നു. യേശു നമുക്ക് ഈ ലോകത്തിലെ നമ്മുടെ ഭൗതിക കാര്യങ്ങൾ നേടിത്തരാനുള്ള ഒരു ഉപാധിയായി മാറി കഴിഞ്ഞിരിക്കുന്നു. നാം നമ്മുടെ ഓട്ടം ലക്ഷ്യത്തോടെയാണെന്ന് മറന്നുപോയിരിക്കുന്നു. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ വിട്ട് നാം വേറെ വഴിയായി പോയിരിക്കുന്നു.

പൗലോസ് റോമർക്ക് എഴുതിയ ലേഖനം 12:1-ൽ പറയുന്നു, "സഹോദരന്മാരെ ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത് നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ." നാമോ ആരാധനയ്ക്കു നിൽക്കുന്ന 2 മണിക്കൂർ, അല്ലെങ്കിൽ കുടുംബ പ്രാർത്ഥനയുടെ സമയം, ദൈവത്തിന് വേണ്ടി കൊടുക്കുകയാണ്. ബാക്കിയുള്ള സമയങ്ങൾ ദൈവത്തിന് പ്രസാദമുള്ള യാഗമായിട്ടല്ല നാം ജീവിക്കുന്നത്.


പിന്നെ നാം വായിക്കുന്നതുപോലെ നമ്മുടെ ശരീരത്തെ അല്ലെങ്കിൽ നമ്മുടെ മുഴുവൻ ജീവിതത്തെ അവന് സമർപ്പിക്കുവാനാണ് ദൈവത്തിന്റെ മനസ്സ് ഇതു അപ്പോസ്തലൻ നമ്മെ ഉദ്ബോധിപ്പിക്കുന്നത്. നമ്മെ യാഗമായി സമർപ്പിച്ചു കഴിഞ്ഞാൽ പിന്നെ എന്റെ കണ്ണ് എനിക്കിഷ്ടമുള്ളിടത്തേക്ക് നോക്കുവാൻ കഴിയില്ല. കാരണം അത് എന്റെ വകയല്ല. എനിക്കിഷ്ടമുള്ളത് പറയാൻ കഴിയില്ല. എനിക്കിഷ്ടമുള്ളിടത്തേക്ക് നടക്കുവാൻ കഴിയില്ല. കാരണം എന്റെ ശരീരം എന്റെ വകയല്ല. ഞാൻ യേശുവിന് എന്നെ യാഗമായി അർപ്പിച്ചു കഴിഞ്ഞു.

പ്രിയമുള്ളവരെ നാം യേശുവിന് നമ്മെ സമർപ്പിക്കുമെങ്കിൽ അവൻ നമ്മെ വിശുദ്ധീകരിച്ച് അവന്റെ സ്വരൂപത്തോട് അനുരൂപമാകുന്ന അവസ്ഥയിലേക്ക് നമ്മെ നയിക്കും. ശരീരത്തെ ശൂന്യമാക്കിയതുകൊണ്ടോ, കൂടുതൽ സമയം വച്ച് പ്രാർത്ഥന കഴിച്ചതുകൊണ്ടോ, ദുഷ്ടതയെ പുറത്താക്കിയതുകൊണ്ടോ, ഒന്നുമല്ല, അവന്റെ അടുക്കലേക്കുള്ള പ്രവേശനം, നാം എത്രമാത്രം വിശുദ്ധ ജീവിതം നയിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. ദൈവത്തിന്റെ ആഗ്രഹം അവന്റെ പുത്രനായ യേശുവിന്റെ സ്വരൂപത്തോട് നാം അനുരൂപപ്പെടണമെന്നുള്ളതാണ്. അതിന് പരിശുദ്ധാത്മാവ് ഒരു കാര്യസ്ഥൻ നമ്മെ സകല സത്യത്തിലേക്കും വഴിനടത്തുവാൻ നമ്മോടു കൂടെയുണ്ട്. റോമർക്ക് എഴുതിയ ലേഖനത്തിൽ നാം കാണുന്നതുപോലെ, "അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതനാകേണ്ടതിന്നു അവന്റെ സ്വരൂപത്തോടു അനുരൂപരാകുവാൻ മുന്നിയമിച്ചുമിരിക്കുന്നു. മുന്നിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതീകരിച്ചും നീതീകരിച്ചവരെ തേജസ്കരിച്ചുമിരിക്കുന്നു." [റോമർ 8:29-30]

അവന്റെ വിശുദ്ധിയിലേക്ക് നയിക്കുവാൻ പരിശുദ്ധാത്മാവ് നമ്മോടു കൂടെയുണ്ട്. പാപബോധം, പാപത്തെക്കുറിച്ച് അസ്വസ്ഥമാകുന്ന ഒരു മനസ്സ് നമുക്കുണ്ടാകണം. നമ്മുടെ പാപങ്ങൾ യേശുവിന്റെ സന്നിധിയിൽ ഏറ്റുപറഞ്ഞ് കഴുകൽ പ്രാപിക്കണം. അവന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കും. ഒരു ശുദ്ധിയുള്ള മനസ്സുള്ളവരായി യെശയ്യാവിനെപ്പോലെ വിശുദ്ധിയിൽ ആയിരിക്കുന്ന കർത്താവിനെ കണ്ടിട്ട് ഏറ്റുപറയുന്ന മനസ്സ്, ഞാൻ പാപിയാണ് എന്നെ നീ വിശുദ്ധിയിലേക്ക് നയിക്കണമേ നാഥാ എന്നെ ഏൽപ്പിച്ചുതരുന്നു. നിന്റെ ചട്ടങ്ങളിൽ എന്നെ നടക്കുമാറാക്കുവാൻ എന്റെ കല്ലായുള്ള ഹൃദയത്തിന്റെ സ്ഥാനത്ത് മാംസമയമായ ഒരു ഹൃദയം തന്ന് എന്നെ വിശുദ്ധിയിലേക്ക് നയിക്കുവാൻ നിന്റെ ആത്മാവിനെയും എനിക്കു തരണമേ എന്ന് അപേക്ഷിക്കാം.

വിശുദ്ധിയുടെ ലോകത്തേക്ക് അടുക്കുമ്പോൾ മോശെ തന്റെ ചെരിപ്പുകളെ ഊരിമാറ്റിയതുപോലെ നമുക്കും നമ്മുടെ പാപങ്ങളെ ഏറ്റു പറഞ്ഞ് യേശുവിന്റെ രക്തത്താൽ കഴുകൽ (പ്രാ)പിക്കാം. സർവ്വകൃപാലുവായ ദൈവം ഏവരെയും അനു(ഗ്രഹി)ക്കട്ടെ....

"വിശ്വാസത്താൽ മോശെ താൻ വളർന്നപ്പോൾ പാപത്തിന്റെ തല്ക്കാല ഭോഗത്തെക്കാളും ദൈവജനത്തോടു കൂടെ കഷ്ടമനുഭവിക്കുന്നതു തിരഞ്ഞെടുത്തു. പ്രതിഫലം നോക്കിയതുകൊണ്ടു ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നതു നിരസിക്കുകയും മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നു എണ്ണുകയും ചെയ്തു." [എബ്രായർ : 11 : 24-26]



അഗാപെ കൈയ്യെഴുത്തു മാസിക
ACTS OF THE APOSTLES-
A STUDY
Email id: agape.magasine@gmail.com

# അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ-ഒരു പഠനം.

ദൈവനാമത്തിന് വീണ്ടും മഹത്വം കരേറ്റുന്നു. അപ്പൊസ്തല പ്രവൃത്തികൾ എന്ന പുസ്തകം ഒരു ചെറിയ പഠനം പോലെ തുടർന്നുള്ള മാസങ്ങളിൽ ചിന്തിക്കുവാൻ ആഗ്രഹിക്കുന്നു. തുടർന്നും നിങ്ങളുടെ പ്രാർത്ഥനയെ അപേക്ഷിക്കുന്നു.

അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ എന്ന പുസ്തകം പുതിയനിയമ പുസ്തകത്തിലെ അഞ്ചാമത്തെയും സുവിശേഷങ്ങൾ കഴിഞ്ഞുള്ള ആദ്യത്തെ ചരിത്ര പുസ്തകമാണ്. ഈ പുസ്തകം ആര് എഴുതിയത് ആണെന്ന് രേഖപ്പെടുത്തിയിട്ടില്ലെങ്കിലും മൂന്നാമത്തെ സുവിശേഷം എഴുതിയ ലൂക്കോസ് തന്നെയാണ് അപ്പൊസ്തലന്മാരുടെ പ്രവൃത്തിയും രചിച്ചതെന്ന് പാരമ്പരാഗതമായി വിശ്വസിച്ചു പോരുന്നു. അതിന്റെ പ്രധാന കാരണം ലൂക്കോസിന്റെ സുവിശേഷം ആരംഭിക്കുമ്പോഴും പ്രവൃത്തികളുടെ പുസ്തകം ആരംഭിക്കുമ്പോഴും തെയോഫിലോസെ എന്നുള്ള വിളിയോടുകൂടിയാണ്.

സുവിശേഷ രചനയെ തുടർന്ന് ലൂക്കോസ് ഗ്രീസിലോ റോമിലോ വെച്ച് അപ്പൊസ്തലന്മാരുടെ പ്രവർത്തനങ്ങളും രചിച്ചു എന്നു വിശ്വസിക്കുന്നു. ഗ്രീക്കു ബൈബിളിലെ പ്രാക്സെയ്സ് എന്ന ബഹുവചനത്തിന്, ഒരു മനുഷ്യന്റെ എടുത്തു പറയത്തക്ക ചെയ്തികൾ, നേട്ടങ്ങൾ എന്ന അർത്ഥമാണ് ഉപയോഗം മൂലം ലഭിച്ചിട്ടുള്ളത്. ഈ അർത്ഥത്തിൽ തന്നെയാണ് ഇതിന് അപ്പൊസ്തല പ്രവൃത്തികൾ എന്ന പേരു നൽകപ്പെട്ടതും.

ഒന്നാം അദ്ധ്യായം 8ാം വാക്യത്തിൽ വായിക്കുന്നതു പോലെ എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന വചനം അന്വർത്ഥമാക്കുമാറു കർത്താവിന്റെ അപ്പൊസ്തലന്മാർ ആത്മാവിൽ ശക്തി പ്രാപിച്ചിട്ടു തുടങ്ങിയ പ്രവർത്തനം അവർ അറുതിവരുത്തു


# അഗാപെ കൈയ്യെഴുത്തു മാസിക

[illegible] ലോകത്തിന്റെ അറ്റത്തോളം എത്തി അനേകർ ദൈവ രാജ്യത്തിന് അവകാശികളായി തീരുന്നതിന് കാരണമായിക്കൊണ്ടിരിക്കുന്നു.

അപ്പോസ്തലന്മാരുടെ പ്രവൃത്തികൾ എന്ന പുസ്തകത്തിൽ നമ്മുടെ സുവിശേഷ ഗ്രന്ഥകാരൻ [illegible]ക്കുന്നത് ഗ്രന്ഥത്തിന്റെ മൂന്നിലൊന്നു ഭാഗം വരുന്ന പ്രസംഗങ്ങളുടെ സമാഹാരം. അപ്പോസ്തല പ്രമുഖനായ പത്രോസിന്റെ അഞ്ചു പ്രസംഗങ്ങളും [illegible] വര്യനായ പൗലോസിന്റെ ഏഴു പ്രസംഗങ്ങളും കൂടാതെ യേശു ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണ ശേഷം ആദ്യമായി അവനു വേണ്ടി രക്തസാക്ഷിയായ സ്തേഫാനോസിന്റെ സുദീർഘമായ പ്രഭാഷണവും.

ആമുഖമായി മേൽ പറഞ്ഞ കാര്യങ്ങൾ പറഞ്ഞു കൊണ്ട് അടുത്ത ഭാഗം മുതൽ കൂടുതലായി അപ്പോസ്തലന്മാരുടെ പ്രവൃത്തികൾ എന്ന പുസ്തകത്തിൽ നിന്ന് ചിന്തിക്കുവാൻ ആഗ്രഹിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

Email id: agape.magasine@gmail.com


അഗാപെ കൈയ്യെഴുത്തു മാസിക
THE LUST OF THE FLESH,
THE LUST OF THE EYES
AND THE PRIDE OF LIFE
Email id: agape.magasine@gmail.com

# ജഢമോഹം, കൺമോഹം, ജീവനത്തിൻെറ പ്രതാപം.

ഈ തലക്കെട്ട് നമുക്കു ചിരപരിചിതമായ ഒരു വേദവാക്യമാണ്. [1 യോഹന്നാൻ 2:16] നാം പലപ്പോഴും ഇതു വായിക്കാറുണ്ടെങ്കിലും ഈ വാക്യം എനിക്കു വേണ്ടിയുള്ളതല്ലെന്നും കർത്താവിനെ അറിയാതെ നടക്കുന്ന മറ്റുള്ളവർക്കു വേണ്ടിയാണ് ഇത് എഴുതിവെച്ചിരിക്കുന്നതെന്നുമാണ്.

ഒന്നാമതായി യോഹന്നാൻ അവിടെ പറയുന്നത് ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. ആരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ പിതാവിൻെറ സ്നേഹം അവനിൽ ഇല്ല. അതിനുശേഷം പറയുന്ന വാക്യമാണ് എന്തെന്നാൽ ജഢത്തിൻെറ മോഹവും, കണ്ണിൻെറ മോഹവും, ജീവിതത്തിൻെറ അഹങ്കാരവും ഇങ്ങനെ ലോകത്തിലുള്ളതൊന്നും പിതാവിൽ നിന്നും നാം പ്രാപിക്കുന്നതല്ല. പ്രത്യുത അവയെല്ലാം ലോകത്തിൽ നിന്നും നമുക്കു കിട്ടുന്നതാണ്.

എന്താണ് ലോകത്തെ സ്നേഹിക്കരുത് എന്ന് വചനം നമ്മോട് പറവാൻ കാരണം. ഭൂമിയും അതിൻെറ പൂർണ്ണതയും ഭൂതലവും അതിലെ നിവാസികളും യഹോവയ്ക്കുള്ളതാകുന്നു എന്ന് സങ്കീർത്തനത്തിൽ ദാവീദ് പറയുമ്പോൾ ഭൂമിയെ ആണോ സ്നേഹിക്കരുത് എന്ന് പറയുന്നത്? ഒരിക്കലുമല്ല. ഭൂമി ദൈവത്തിൻെറ സൃഷ്ടിയാണ്. പാപം മൂലം ഭൂമി സൃഷ്ടിച്ച അവസ്ഥയിൽ നിന്നു വ്യത്യാസം വരുന്നു എന്നതൊഴിച്ചാൽ ലോകത്തെ സ്നേഹിക്കരുത് എന്ന് പറയുന്നത് ഭൂമിയെ കുറിച്ചല്ല. പിന്നെയോ ലോകത്തിൻെറ ചിന്താഗതികൾ. ഈ ലോകം പല കുതന്ത്രങ്ങൾ നമ്മെ പഠിപ്പിച്ചുവെച്ചിരിക്കുന്നു. പലതരമായ ചിന്താഗതികളും നമ്മുടെ മനസ്സിലേക്ക് കൊണ്ട് വന്നിട്ട് അതിൽ നിന്നും പുറത്തു കടക്കുവാൻ കഴിയാത്ത തരത്തിൽ കുരുക്കിയിരിക്കുകയാണ്. എങ്ങനെയും പണം ഉണ്ടാക്കുക എന്ന ലക്ഷ്യം, എന്നും കൂടുതൽ സമ്പാദിക്കുക, കൂടുതൽ തലമുറകൾക്കുവേണ്ടി സ്വരുക്കൂട്ടിവെക്കുക.

# അഗാപെ കൈയ്യെഴുത്തു മാസിക

ആദ്യകാലഘട്ടത്തിൽ ക്രയവിക്രയങ്ങൾ നടന്നത് സാധനങ്ങൾ കൈമാറ്റം ചെയ്യുക മൂലമായിരുന്നു. ഒരിക്കലും ഭക്ഷ്യ സാമഗ്രികൾ കൂട്ടിവെക്കുക അസാധ്യമായിരുന്നു. അങ്ങനെ നമ്മുടെ സാധനങ്ങൾ കൈമാറ്റം ചെയ്ത് ജീവിതത്തെ മുമ്പോട്ട് കൊണ്ടുപോകുമ്പോൾ പണം ജീവിതത്തിന്റെ ഭാഗമായി മാറുന്നത്. മനുഷ്യന് സ്വരുക്കൂട്ടിവെക്കുവാനുള്ള ത്വര ആരംഭിക്കുന്നത് ഈ പണത്തിൽ നിന്നാണ്. അങ്ങനെ ഈ ലോകം ഒരു ചിന്താഗതി കൊടുത്ത് മനുഷ്യനെയാകെ പണത്തിൽ ആകൃഷ്ടരാക്കുന്നു. ഈ ലോകത്തിൽ നാം ജീവിക്കുമ്പോൾ പണം നമ്മുടെ ദൈനംദിന ജീവിതത്തിൽ അത്യന്താപേക്ഷിതമാണ്. എന്നിരുന്നാലും കർത്താവ് നമ്മെ ഉപദേശിക്കുന്നത് ഈ അനീതിയുള്ള മാമോനെക്കൊണ്ട് നാം സ്നേഹിതന്മാരെ സമ്പാദിക്കണം എന്നാണ്.

ഈ പണത്തെ മറ്റുള്ളവർക്ക് പ്രയോജനമുള്ളതാക്കി നാം എങ്ങനെയാണ് ഉപയോഗിക്കുന്നത്. കഷ്ടം അനുഭവിക്കുന്നവർ, ആഹാരത്തിനും പാർപ്പിടത്തിനും, മരുന്നിനും, എന്നു വേണ്ട സകലവിധത്തിലും ആവശ്യക്കാരായവർക്ക് ആലംബമേകാൻ ഈ പണത്തെ ഉപയോഗിച്ച് നിത്യതയിൽ നാം സ്നേഹിതന്മാരെ സമ്പാദിക്കണം എന്നതാണ് അർത്ഥമാക്കുന്നത്.

വീണ്ടും ലോകത്തെ സ്നേഹിക്കരുത് എന്ന് കർത്താവ് പറയുമ്പോൾ യാക്കോബിന്റെ ലേഖനം 4-ാം അദ്ധ്യായം 4-ാം വാക്യത്തിൽ കാണുന്നു, വ്യഭിചാരിണികളുമായുള്ളോരേ, ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു.

നാം ക്രിസ്തു എന്ന ഏക പുരുഷനു നിർമ്മലകന്യകയായി വിവാഹനിശ്ചയം ചെയ്തിരിക്കുമ്പോൾ ഈ ലോകത്തിന്റെ മാലിന്യത്തിൽ പെട്ടു നമ്മുടെ ഹൃദയം കളങ്കപ്പെട്ടു പോകുമ്പോൾ യാക്കോബ് വ്യഭിചാരിണികളേ എന്നു വിളിക്കുന്നത് എത്ര അന്വർത്ഥമാകുന്നു. ഭൗതികമായത് നാം ആഗ്രഹിക്കു

അപ്പോൾ നമ്മുടെ മനസ്സ് ക്രിസ്തുവിനെ വിട്ടു ലോകവഴി സഞ്ചരിക്കുവാൻ ആരംഭിക്കുകയാണ്. ഭൗതിക വസ്തുക്കൾ നമുക്ക് അത്യാവശ്യത്തിൽ കൂടുതൽ നമ്മുടെ കൈവശം ആകുമ്പോൾ, സ്വാഭാവികമായും ദൈവത്തിൽ നിന്നും ഒരു അകൽച്ച ആരംഭിക്കുകയാണ്. കാരണം നമുക്ക് അനുദിന ജീവിതത്തിൽ ദൈവത്തിൽ ആശ്രയിക്കേണ്ടി വരുന്നില്ല.

ജഡമോഹം:- ജഡത്തിന്റെ ആശകൾ, എന്താ ഇതുകൊണ്ട് അർത്ഥമാക്കുന്നത്. പൗലോസ് അപ്പോസ്തലൻ തന്റെ ലേഖനങ്ങളിൽ ജഡത്തിന്റെ സ്വഭാവത്തെ കുറിച്ച് വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. ജഡസ്വഭാവമുള്ളവർക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിവില്ല. ജഡസ്വഭാവമുള്ളവർ എല്ലായ്പ്പോഴും അതിനെ പ്രസാദിപ്പിക്കുന്നവരായിരിക്കും. ഗലാത്യർക്ക് എഴുതിയ ലേഖനത്തിൽ നാം കാണുന്നു. ജഡത്തിന്റെ പ്രവൃത്തികളോ ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവ [ഗലാത്യർ- 5:19.21] ഇതെല്ലാം ജഡത്തിന്റെ പ്രവൃത്തികളാണ്.

നമ്മുടെ ജഡത്തിന് നാം കീഴ്പ്പെട്ടു ജീവിച്ചാൽ ഒരിക്കലും നമുക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴികയില്ല. കാരണം ജഡാഭിലാഷം ആത്മാവിന്ന ആത്മാഭിലാഷം ജഡത്തിന്നു വിരോധമായിരിക്കുന്നു.

ദൈവത്തിന് വിരോധമായി പൊങ്ങിവരുന്ന ലോകത്തിന്റെ ചിന്തകൾ, സമ്പത്തിനെക്കുറിച്ചുള്ള ഭൗതികമായ അഹങ്കാരം, ലൈംഗികമായ മോഹങ്ങൾ, കാര്യസാധ്യത്തിന് വേണ്ടി ഉയർന്നതലങ്ങളിൽ സ്വാധീനം ചെലുത്തുവാനുള്ള കഴിവുകൾ, തന്റേതായ ശക്തികൾ, ദൈവസ്നേഹത്തിന് വിപരീതമായി നമ്മുടെ ഉള്ളിൽ നിന്നും ഉയർന്നു വരുന്നതെല്ലാം ജഡമോഹത്തിന്റെ പരിണിതഫലങ്ങളാണ്. ജഡമോഹമുള്ളവർക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുകയില്ല.

# അഗാപെ കൈയ്യെഴുത്തു മാസിക

കണ്മോഹം:- കണ്മോഹത്തെ കുറിച്ച് ചിന്തിച്ചാൽ, കണ്ണിന് കാണുന്ന രൂപം, അതിനുള്ള രൂപഭംഗി, കാണുന്നതെല്ലാം തനിക്ക് സ്വന്തമായിരുന്നുവെങ്കിൽ എന്നുള്ള ആഗ്രഹം. ഈ കണ്മോഹം ദൈവത്തിൽ നിന്നുള്ളതല്ല എന്നു വചനം നമ്മെ പഠിപ്പിക്കുന്നു. വചനത്തിന്റെ പ്രധാന ആഹ്വാനം ഒന്നിനെയും മോഹിക്കരുത് എന്നാകുന്നുവല്ലോ.

നാം സൂപ്പർ മാർക്കറ്റുകളിലും, മറ്റു മാർക്കറ്റുകളിലും സാധനങ്ങൾ വാങ്ങുമ്പോൾ, അതിലുള്ള അവിടെ കാണുന്നതെല്ലാം സ്വന്തമാക്കണമെന്നുള്ള മോഹം നമ്മുടെ മനസ്സിൽ ഉദിക്കാറുണ്ട്. ചിലപ്പോൾ ഒരു ആവശ്യമില്ലാത്തതാകാം നാം വാങ്ങിക്കൂട്ടുന്നത്. വാങ്ങിക്കുന്ന പല സാധനങ്ങളും സൂക്ഷിക്കുവാൻ നമുക്കു സ്ഥലം തികയാതായിരിക്കാം. എന്നാൽ എനിക്കാവശ്യമില്ലാത്ത സാധനങ്ങൾ വാങ്ങുമ്പോൾ അതെല്ലാം എനിക്ക് സ്വന്തമായിരുന്നുവെങ്കിൽ എന്നാഗ്രഹിക്കുന്നത് കണ്മോഹമാണ് അതായത് പാപമാണ്. ഞാൻ വിചാരിക്കും എന്റെ പണമല്ലേ എനിക്കിഷ്ടമുള്ളത് വാങ്ങാം. എന്നാൽ ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ അവന് ആവശ്യമുള്ളതല്ലാതെ ഒരു സാധനവും വാങ്ങിക്കൂട്ടുവാനോ മോഹിക്കുവാനോ പാടില്ല. ഈ കണ്മോഹം നമ്മുടെ വിശുദ്ധിയും തിരഞ്ഞെടുപ്പും നമ്മുടെ ഓട്ടത്തിന്റെ ലക്ഷ്യവും തെറ്റിച്ചു കളയുവാൻ സാധ്യതയുണ്ട്. അതിനാൽ നമ്മുടെ ഓട്ടത്തിൽ യാതൊരു ബാധ്യതകളും അതായത് ഓട്ടക്കാരന് അവന്റെ പരമമായ ലക്ഷ്യം ഫിനിഷിംഗ് പോയിന്റിൽ എത്തുക എന്നുള്ളതിനാൽ അവൻ യാതൊരു ഭാരവും വഹിക്കുന്നില്ല. അതാണ് എബ്രായ ലേഖനത്തിൽ കാണുന്നത്, സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമ്മുടെ മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക.

ആത്യന്തികമായി നാം മോഹിക്കുമ്പോൾ, വാങ്ങിക്കൂട്ടുമ്പോൾ ഇത് എനിക്ക് ആവശ്യമുള്ള സാധനമാണോ എന്ന് ചിന്തിക്കണം. പകരമായി എന്റെ സഹോദരന്മാർക്ക് ഇത് വാങ്ങുവാനുള്ള പ്രാപ്തി

Email id: agape.magasine@gmail.com

# അഗാപെ കൈയ്യെഴുത്തു മാസിക

ഉടയോൻ എന്നും നാം ചിന്തിക്കണം. സകലതും ഉടയവനാകുന്ന ഒരു അനുഭവം നമുക്കുണ്ടായിരിക്കണം. ശലോമോൻ സഭാപ്രസംഗിയിൽ ഒരു ഉദ്ബോധനം നടത്തുന്നുണ്ട്. എന്റെ കണ്ണ് ആഗ്രഹിച്ചതൊന്നും ഞാൻ നിഷേധിച്ചില്ല എന്ന്. നമ്മുടെ കഴിവുകൾ കൊണ്ട്, നമ്മുടെ പണം കൊണ്ട് എനിക്ക് എന്റെ കണ്ണു മോഹിക്കുന്നത് ഒന്നും അതിന് നിഷേധിക്കാതിരിക്കാം. എന്നാൽ എന്റെ ഓട്ടം വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കിക്കൊണ്ടാകുമ്പോൾ, ഈ കാര്യങ്ങൾ ഒരു പാപമാകുകയാണ്. എന്റെ ഓട്ടത്തിന് തടസ്സമാകുന്ന യാതൊരു കടഭാരങ്ങളും ഞാൻ വഹിക്കാൻ പാടുള്ളതല്ല. അത് എനിക്ക് ലക്ഷ്യ സ്ഥാനത്ത് എത്തപ്പെടുവാൻ എന്നെ കഴിയാത്തതാക്കും.

ഗർവത്തിന്റെ പ്രശ്നം:- നമ്മൾ ചിന്തിച്ച മറ്റു രണ്ടു കാര്യങ്ങളെക്കാളും ഏറ്റവും ഭീകരമായ പാപമാണ് ജീവിതത്തിന്റെ അഹങ്കാരം. ഞാൻ എന്നുള്ള ഭാവം. എനിക്കു സാധിക്കാത്തതായി യാതൊന്നുമില്ല. മറ്റുള്ളവരെക്കാൾ ഒട്ടും മോശക്കാരനല്ല. എല്ലാവരെക്കാളും ഞാൻ അറിവുള്ളവൻ, എനിക്കാണ് ഏറ്റവും ആധികാരികമായി അറിയാവുന്നത്, അതുകൊണ്ട് മറ്റുള്ളവർ എന്നിൽ നിന്നും പഠിക്കണം, ഇതൊക്കെ ജീവിതത്തിന്റെ അഹങ്കാരമാണ്. തന്റേതായ കഴിവുകളിലുള്ള പ്രശംസ, എന്തു കാര്യം ചെയ്താലും, ആരെ ഒക്കെ സഹായിച്ചാലും, അതിലുപരി ദൈവിക കാര്യങ്ങളിലാണെങ്കിലും നമ്മുടേതായ പേരു മുൻപിൽ വരണം, എല്ലാവരും ഗ്രഹിക്കണം എന്നുള്ള നിർബന്ധം ഇതിലുൾപ്പെടും. എല്ലാവിധ പാപങ്ങളും ദൈവം വെറുക്കുന്നതു പോലെ ഈ അഹങ്കാരവും ദൈവം വെറുക്കുന്നു. സകലത്തെയും വിവേചിച്ചറിയുന്നവനാണ് ദൈവം. അവന് മറഞ്ഞിരിക്കുന്ന യാതൊരു സൃഷ്ടിയുമില്ല.

Email id: agape.magasine@gmail.com

# അഗാപെ കൈയ്യെഴുത്തു മാസിക

എല്ലാവരും അന്ന് മാർത്തമാരായി വളരുമ്പോൾ അവരു മറിയമാരെ ദൈവത്തിന് പ്രസാദമാകുകയുള്ളൂ. കൂടുതൽ പണം ഭണ്ഡാരത്തിൽ ഇടുന്ന വരെക്കാൾ മനസ്സോടെ തന്റെ ഉപജീവനത്തിൽ നിന്നും രണ്ട് കാശ് ഇട്ട വിധവയെ ശ്രദ്ധിക്കുന്നവനാണ് ദൈവം. മറ്റുള്ളവരെ കാണിക്കുവാൻവേണ്ടി പ്രശസ്തി പിടിച്ചു പറ്റുവാൻ വേണ്ടി നാം എന്തു ചെയ്താലും അത് ദൈവ സന്നിധിയിൽ പ്രയോജനമില്ലാത്തതാണ്.

ദൈവ വചനം പറയുന്നത് ദൈവം നിഗളികളോട് എതിർത്ത് നിൽക്കുന്നു. താഴ്മയുള്ളവർക്കോ കൃപ നൽകുന്നു. അതുകൊണ്ട് അവൻ നിങ്ങളെ തക്കസമയത്ത് ഉയർത്തേണ്ടതിന് അവന്റെ ബലമുള്ള കൈക്കീഴിൽ താണിരിപ്പിൻ.

നമ്മുടെ വിശ്വാസത്തിന്റെ യാത്രയിൽ നമ്മുടെ ഓട്ടം സ്ഥിരതയുള്ളതായിരിക്കുവാൻ വിശ്വാസത്തിന്റെ നായകനായ യേശു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുവാൻ, ഈ ലോകം നമ്മുടെ മുമ്പിൽ വെച്ചിരിക്കുന്ന ലോകത്തിന്റേതായ ചിന്താഗതികൾ എല്ലാം ... ... അഴിച്ചുവെച്ച്, ധനത്തിന്റേതായ മോഹങ്ങൾ, കണ്ണിന് ഭംഗിയുള്ള മോഹങ്ങൾ, ജീവിതത്തിന്റെ അഹങ്കാരങ്ങൾ ഒന്നും ഇല്ലാത്തതായി, പാപവും മാലിന്യവും കറയും ചുളുക്കവും ഇല്ലാത്ത മണവാട്ടിയായി നമുക്ക് ജീവിതം തുടരാം....

Email id: agape.magasine@gmail.com



അഗാപെ കൈയ്യെഴുത്തു മാസിക
INTERVIEW
Email id: agape.magasine@gmail.com

# അഗാപെ കൈയ്യെഴുത്തു മാസിക

## അഭിമുഖം:

എന്ത് ഒരു അഭിമുഖം ആണ് അത്യുന്നതനായ കർത്താവുമായി ഒരു
അഭിമുഖം!
അവിടുന്ന് ചോദിച്ചു "അപ്പോൾ, നിനക്ക് എന്നെ അഭിമുഖം വേണം
അല്ലേ?"
ഞാൻ പറഞ്ഞു "അവിടുത്തേക്ക് സമയമുണ്ടെങ്കിൽ ...." കർത്താവ്
പുഞ്ചിരിച്ചു കൊണ്ട് ഉത്തരമരുളി "എന്റെ സമയം നിത്യതയാണ് ....
...... എന്താണ് നിനക്ക് ചോദിക്കുവാനുള്ളത്?"
മനുഷ്യകുലത്തെ കുറിച്ച് അങ്ങയെ ഏറ്റവും കൂടുതൽ അത്ഭുതപ്പെടുത്തുന്നത്
എന്താണ്?" അവിടുന്ന് പറഞ്ഞു...
" അവർ കുട്ടിക്കാലം മടുത്ത്, വളരുവാൻ ആഗ്രഹിക്കുന്നു. വളർന്നാലോ
അവർക്കു നഷ്ടമായ ബാല്യം ആഗ്രഹിക്കുന്നു. സമ്പാദിച്ചു സമ്പാദിച്ചു
ആരോഗ്യം നഷ്ടപ്പെടുത്തുന്നു. നഷ്ടമായ ആരോഗ്യം വീണ്ടെടുക്കുവാൻ,
സമ്പാദിച്ചതു നഷ്ടപ്പെടുത്തുന്നു".
ഭാവിയെ പറ്റി വ്യാകുലപ്പെട്ട്, അവർ ഇന്നത്തെ കുറിച്ച് മറക്കുന്നു.
"അങ്ങനെ അവർക്ക് ഭാവിയും വർത്തമാനകാലവും നഷ്ടമാകുന്നു.
അവർ ഒരിക്കലും മരിക്കില്ല എന്ന രീതിയിൽ ജീവിക്കുന്നു. ഒരിക്കൽ
പോലും ജീവിച്ചിരുന്നിട്ടില്ലാത്ത വിധം ഒടുവിൽ മരിക്കുന്നു."
അവിടുത്തെ കരങ്ങൾ എന്നെ സ്പർശിച്ചു. ഞങ്ങൾ അൽപ സമയം
നിശബ്ദരായിരുന്നു.
ഞാൻ വീണ്ടും ചോദിച്ചു" പിതാവെന്ന നിലക്ക്, താങ്കളുടെ മക്കൾ
ജീവിതത്തിന്റെ എന്തെല്ലാം പാഠങ്ങൾ പഠിച്ചിരിക്കണം എന്നാണ്
ആഗ്രഹിക്കുന്നത്?"
അവിടുന്ന് അരുളിച്ചെയ്തു: "അവർക്ക്" ആരെയും കൊണ്ട് അവരെ


Email id: agape.magasine@gmail.com

സ്നേഹിപ്പിക്കാനാകില്ല. അവർക്ക് ചെയ്യാൻ കഴിയുന്നത് സ്നേഹിക്കപ്പെടുവാൻ ഇടവരുത്തുക.
അന്യോന്യം താരതമ്യപ്പെടുത്തുന്നത് നല്ലതല്ല എന്ന് പഠിക്കണം.
പരസ്പരം ക്ഷമിച്ചു കൊണ്ട് ക്ഷമ പരിശീലിക്കുവാൻ പഠിക്കണം.
സ്നേഹിക്കുന്നവരെ മുറിവേൽപ്പിക്കുവാൻ ഒരു നിമിഷം മാത്രമേ വേണ്ടൂ. എന്നാൽ ആ മുറിവ് ഉണക്കുവാൻ വർഷങ്ങൾ വേണ്ടിവരും എന്ന് അവർ പഠിക്കണം.
"ലോകത്ത് സ്നേഹം പ്രകടിപ്പിക്കുവാൻ അറിയാത്ത അനേകരുണ്ട് എന്ന് പഠിക്കണം. അങ്ങനെയുള്ളവർ അവരുടെ ഹൃദയത്തിൽ ഉണ്ടെന്നും പഠിക്കണം"
"രണ്ട് വ്യക്തികൾക്ക് ഒരു വസ്തുവിൽ ഒരു പോലെ നോക്കുവാനാകും, എന്നാൽ കാഴ്ചപ്പാട് വ്യത്യസ്തമാകാം. എന്നു പഠിക്കണം"

ഞാൻ വിനയത്തോടെ കർത്താവിനോട് പറഞ്ഞു. "അങ്ങയുടെ വിലപ്പെട്ട സമയത്തിനായി ഞാൻ നന്ദിപറയുന്നു."
"അങ്ങേക്ക് ഇനിയും എന്തെങ്കിലും അടിയനോട് പറയുവാനുണ്ടോ?"

അവിടുന്ന് പുഞ്ചിരിതൂകി. ഉത്തരമരുളി.

ഒന്നുകൂടി അറിയുക. ഞാനിവിടെയുണ്ട്. നിങ്ങൾക്ക് വേണ്ടി.. എപ്പോഴും.


അഗാപെ കൈയ്യെഴുത്തു മാസിക
QUIZ
Email id: agape.magasine@gmail.com

# അഗാപെ കൈയ്യെഴുത്തു മാസിക

## ചോദ്യാവലി.

1. തലീഥാ കൂമി - എന്ന വാക്കിന്റെ അർത്ഥം.? ബൈബിളിൽ ഇത് ഏത് ഭാഗത്ത് കാണുന്നു.?

2. മന്നാ എന്ന വാക്കിന്റെ അർത്ഥം?

3. ദാവീദിന്റെ ആദ്യജാതന്റെ പേര്?

ഈ ചോദ്യങ്ങളുടെ ഉത്തരങ്ങൾ അയക്കേണ്ട വിലാസം

agape.magasine@gmail.com.

കഴിഞ്ഞ ലക്കത്തിലെ ചോദ്യത്തിന്റെ ഉത്തരം.
ചോദ്യം. യഹോവ ശമ്മാ എന്ന വാക്കിന്റെ അർത്ഥം?
ഉത്തരം. യഹോവ അവിടെ - [യെഹെസ്കേൽ 48:35]

ശരിഉത്തരങ്ങൾ അയച്ചവർ:
1. റെജി വർഗ്ഗീസ്. മുംബൈ.
2. ഷീന ജോൺ. പത്തനംതിട്ട
3. ഷീനാ മനോജ്. ദുബായ്.